**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6782** **21-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അവകാശ സംരക്ഷണവും സുരക്ഷയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി ദെലീമ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അവകാശ സംരക്ഷണവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **തൊഴിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനും തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങളും മറ്റും മുടക്കം കൂടാതെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിൽ ജില്ലാ തലം മുതൽ അനുരഞ്ജന യോഗങ്ങൾക്കായി ഇൻഡസ്ട്രിയൽ റിലേഷൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. 2018 ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി നിയമം വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജീവനക്കാർക്ക് ഇരിപ്പിടം നൽകുന്നത് തൊഴിലുടമയുടെ ഉത്തരവാദിത്തം ആണെന്ന് തൊഴിലുടമകളെ ബോധവൽക്കരിക്കുന്നതിനായി, തൊഴിൽ വകുപ്പ് ലഘുലേഖകൾ വിതരണം നടത്തിയിട്ടുണ്ട്. ടി നിയമ പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടു കൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യിക്കുന്ന പക്ഷം 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലി സ്ഥലത്തു നിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്. 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിൽ അവസരങ്ങളിൽ** |

| | | | |
|---|---|---|---|
| | | | സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പ വരുത്തി സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പ വരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷാ പദ്ധതി നടപ്പാക്കുക, സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും, ആരോഗ്യ സംരക്ഷണവും ഉറപ്പ വരുത്തുക തുടങ്ങിയ നടപടികളും സ്വീകരിക്കുന്നുണ്ട്. 2017-ലെ പ്രസവാനുകൂല്യ (ഭേദഗതി) നിയമപ്രകാരം പ്രസവാവധി 12 ആഴ്ച എന്നത് 26 ആഴ്ച എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ, ഈ ഭേദഗതി കേരള സംസ്ഥാനത്തെ സ്വകാര്യ/അൺ എയ്ഡഡ് സ്കൂളുകളിലെ സ്ത്രീ ജീവനക്കാർക്കും ബാധകമാക്കിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും ഉറപ്പ് വരുത്തുവാനും എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ അൻപതോ അതിലധികമോ സ്ത്രീ ജീവനക്കാർ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സംവിധാനം ഏർപ്പെടുത്തണമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ട് 1964 ലെ കേരള പ്രസവാനുകൂല്യ ചട്ടങ്ങളിൽ 2022 ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പവരുത്തുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 'The Sexual Harassment of Women at Work Place (Prevention, Prohibition And Redressal) Act, 2013'. ഈ നിയമപ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്തമാണ്. തൊഴിൽ വകുപ്പിന്റെ സ്ഥാപന പരിശോധനാ വേളയിൽ ഏതെങ്കിലും സ്ഥാപനത്തിൽ മേൽ പറഞ്ഞ പ്രകാരമുള്ള ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപെട്ടാൽ ആയത് രൂപീകരിക്കാനുള്ള നിർദ്ദേശം തൊഴിലുടമകൾക്ക് നൽകാറുണ്ട്. കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഗ്രേഡിംഗ് സമ്പ്രദായത്തിൽ, സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി എടുത്തിട്ടുണ്ട്. |
| (ബി) | സ്ത്രീകളുടെ പ്രശ്നങ്ങൾ ഫോൺ സന്ദേശങ്ങളിലൂടെ അധികാരികളിലേയ്ക്ക് എത്തിച്ച് പരിഹാരം കാണാൻ | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| | സഹായിക്കുന്ന പ്രത്യേക പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കണ്ടെത്തുന്നതിന് തൊഴിൽ വകുപ്പ് നടപ്പിലാക്കിയ കോൾസെന്റർ സംവിധാനമാണ് സഹജ. പേര് വിവരങ്ങൾ വെളിപ്പെടുത്താതെ ഫോൺ സന്ദേശത്തിലൂടെ പ്രശ്നങ്ങൾ തൊഴിൽ വകുപ്പ് ഓഫീസർമാരിൽ എത്തിക്കുന്നതിന് ഈ കോൾസെന്റർ സംവിധാനം സഹായകരമാണ്. പരാതിക്കാർക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകാൻ പ്രാപ്തരായ ഉദ്യോഗസ്ഥരാണ് കോൾസെന്റർ കൈകാര്യം ചെയ്യുന്നത്. കോൾസെന്ററിൽ ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന് കോൾസെന്റർ എക്സിക്യൂട്ടീവ് കൈമാറുകയും പരാതിക്കാരിക്ക് പരാതിയുടെ രജിസ്റ്റർ നമ്പർ ലഭിക്കുകയും ചെയ്യുന്നു. ഈ രജിസ്റ്റർ നമ്പർ ഉപയോഗിച്ച് പരാതിയുടെ തുടർനടപടികൾ അറിയുവാനും ഉറപ്പാക്കുവാനും സാധിക്കുന്നു. 180042555215 എന്ന ടോൾ ഫ്രീ നമ്പരിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണിവരെ വിളിക്കാവുന്നതാണ്.<br><br>വനിതാ ശിശു വികസന വകുപ്പിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ ഫോൺ സന്ദേശത്തിലൂടെ അധികാരികളിലേയ്ക്ക് എത്തിച്ച് പരിഹാരം കാണാൻ കാതോർത്ത്, വാട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292, 181 മിത്ര ഹെൽപ്പ് ലൈൻ എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (സി) | ഗാർഹിക തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഗാർഹിക തൊഴിലാളി റിക്രൂട്ടിംഗ് ഏജൻസികൾക്ക് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ടോ; പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അസംഘടിത തൊഴിലാളി സുരക്ഷാ ബോർഡിൽ അംഗമാകുന്നതിന് അവസരമൊരുക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഉണ്ട്. ഗാർഹിക തൊഴിലാളി റിക്രൂട്ടിംഗ് ഏജൻസികൾക്ക് തൊഴിൽ വകുപ്പിൽ നിന്നും ലൈസൻസ് നൽകി വരുന്നില്ല.<br><br>ഗാർഹിക ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച കേരള ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി ഉൾപ്പെടെ ആറ് വ്യത്യസ്ത പദ്ധതികൾ കൂട്ടിച്ചേർത്ത് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഗാർഹിക തൊഴിലാളികളെ മുഴുവനായും കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളതാണ്. ഗാർഹിക തൊഴിലാളികൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ സാമൂഹ്യ സുരക്ഷയും ചൂഷണത്തിൽ നിന്നുള്ള സംരക്ഷണവും ഉറപ്പാക്കി നീതിയുക്തവും തൊഴിലാളി |

| | | | |
|---|---|---|---|
| | | | കേന്ദ്രീകൃതവുമായ പ്രവർത്തനങ്ങൾ ഈ ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു.<br><br>ഗാർഹിക മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ നിന്നും അംഗീകൃതമല്ലാത്ത ഏജൻസികളിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും തൊഴിലാളികൾക്ക് ഉണ്ടാകുന്ന പരാതികൾ സമയ ബന്ധിതമായി തീർപ്പാക്കുന്നതിനും ലേബർ കമ്മീഷണറേറ്റ് കേന്ദ്രീകരിച്ച് സജ്ജമാക്കിയിട്ടുള്ള ഏകജാലക സംവിധാനത്തിന്റെയും കോൾ സെന്ററിന്റേയും (സഹജ കോൾ സെന്ററുകൾ) സേവനം പ്രയോജനപ്പെടുത്തുന്നതിന്റെ സാധ്യതയും തൊഴിലാളികൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും ജില്ലാ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.<br><br>പുതുതായി ഗാർഹിക തൊഴിലാളികളെ ഈ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യുന്നതിന്റെ നടപടികൾക്കായി സന്നദ്ധ സംഘടനകളുടെയും ഫ്ളാറ്റ്/റസിഡൻസ് അസോസിയേഷനുകളുടെയും സേവനം ലഭ്യമാക്കുന്നതിനും താലൂക്ക്/ പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും രജിസ്ട്രേഷനിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ